## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4453** 25.10.2016-ൽ മറുപടിയ്ക്ക്

## കായിക പരിശീലന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളെയും ഉൾപ്പെടുത്തി ഒരു കായിക പരിശീലന പദ്ധതി നടപ്പിലാക്കി മികച്ച കായികതാരങ്ങളെ കണ്ടെത്തുന്നതിന് പദ്ധതി തയ്യാറാക്കുമോ ; ഇത്തരത്തിലുള്ള പദ്ധതികൾ നിലവിലുണ്ടോ ; വിശദീകരിക്കുമോ ; | (എ) | കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കിക്കൊണ്ടാണ് പരിഷ്ക്കരിച്ച പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഒന്നു മുതൽ പത്തു വരെ ക്ലാസ്സുകളിലേയ്ക്കുള്ള കായികവിദ്യാഭ്യാസ പദ്ധതിയും, അദ്ധ്യാപകർക്കുള്ള റഫറൻസ് പുസ്തകങ്ങളും തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ 5 മുതൽ 10 വരെയുള്ള ക്ലാസുകളിലേയ്ക്ക് ആരോഗ്യ കായിക വിദ്യാഭ്യാസത്തിനുള്ള ആക്റ്റിവിറ്റി ബുക്കുകളും തയ്യാറാക്കി നൽകിയിട്ടുണ്ട്. കൂടാതെ അദ്ധ്യാപകർക്ക് പരിശീലനവും നൽകിവരുന്നു. |
| (ബി) | സംസ്ഥാനത്തെ അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്പോർട്സ് രംഗത്ത് അവസരങ്ങൾ ലഭിക്കുന്നില്ല എന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുവാൻ ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ ; വിശദീകരിക്കുമോ ; | (ബി) | ഉണ്ട്. അൺ എയ്ഡഡ് സ്കൂളുകളിൽ സി.ബി.എസ്.സി. ഐ.സി.എസ്.സി. ഐ.എസ്.സി സിലബസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ക്ലസ്റ്റർ തലത്തിലും, സൗത്ത് സോൺ തലത്തിലും ദേശീയ തലത്തിലും കായിക മത്സരങ്ങൾ ബന്ധപ്പെട്ട ബോർഡുകൾ മുഖേന സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ കായികതാരങ്ങൾക്ക് സംസ്ഥാന അസോസിയേഷനുകൾ നടത്തുന്ന മത്സരങ്ങളിലും പങ്കെടുക്കാവുന്നതുമാണ്. |
| (സി) | സംസ്ഥാനത്തെ സ്പോർട്സ് ഹോസ്റ്റലുകളും സ്പോർട്സ് സ്കൂളുകളും ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദീകരിക്കുമോ ? | (സി) | സ്പോർട്സ് സ്കൂളുകൾ ആധുനികവത്ക്കരിക്കുന്നതിന് ഈ വർഷം 17 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യങ്ങൾ നിലവിൽ ലഭ്യമാണ്. കൂടാതെ 35-ാമത് ദേശീയ ഗെയിംസിന്റെ ഭാഗമായി പുതിയതായി നിർമ്മിച്ചതോ, നവീകരിച്ചതോ ആയ സ്റ്റേഡിയങ്ങൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് അനുവദിച്ച് നൽകിയവയിൽ, കൗൺസിലിന്റെ അധീനതയിലുള്ള സ്കീമുകളിലെ കായിക താരങ്ങൾ പരിശീലനത്തിനായി ഉപയോഗിച്ചുവരുന്നു. |

Mary M

സെക്ഷൻ ഓഫീസർ